# ജാഗ്രതാസമിതി ശാക്തീകരണം

**കേ**രളത്തിൽ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ഒട്ടനവധി മാറ്റങ്ങൾ വിവിധ മേഖലകളിൽ സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ട്. അധികാരവും വികസനപ്രവർത്തനങ്ങളും ഓരോ വ്യക്തിയേയും പ്രദേശത്തെയും തിരിച്ചറിഞ്ഞ്, അവരുടെ കൂടി പങ്കാളിത്തത്തോടെ വിനിയോഗിക്കുകയാണ് ഇതിന്റെ ആത്യന്തിക ലക്ഷ്യം. ഇതിന്റെ പ്രവർത്തനങ്ങൾക്ക് അനന്ത സാദ്ധ്യതകളാണുള്ളത്. അത് കണ്ടെത്താനും, അതിന് ഉതകുന്ന തരത്തിൽ പ്രവർത്തിക്കാൻ പ്രാദേശിക ഭരണകൂടങ്ങളെ പിന്തുണയ്ക്കാനും ശാക്തീകരിക്കാനും വേണ്ട പ്രവർത്തനങ്ങളാണ് അനിവാര്യം. എന്നാൽ പ്രാദേശിക സർക്കാരുകളുടെ സാദ്ധ്യതകൾ കണ്ടെത്തി അവരെ അതിന് സജ്ജരാക്കുന്നതിന് പകരം സമാന്തര സംവിധാനങ്ങൾ ഒരുക്കി പ്രവർത്തിപ്പിക്കുകയാണ് പലപ്പോഴും സംഭവിക്കുന്നത്.

കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ വിവിധ തരത്തിലുള്ള അതിക്രമങ്ങൾ കൂടിവരുന്നതായി കാണാം. ഇതിനെതിരെ ശക്തമായ നിയമവും സംവിധാനവും നിലവിലുണ്ട്. എന്നാൽ അവരെ സഹായിക്കാൻ, അത്തരത്തിലുള്ള സംവിധാനങ്ങളുടെ കണ്ണും കാതും കൈയുമായി പ്രാദേശികജനത്തിന്റെ തൊട്ടടുത്തുള്ള സംവിധാനം കൂടി വേണം. ഇത്തരം പ്രശ്നങ്ങൾ തടയാൻ, ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കാൻ എങ്കിലേ സാധിക്കുകയുള്ളൂ. കേരളത്തിൽ ഇത് പരീക്ഷിച്ച് ബോധ്യപ്പെട്ടതാണ് - ജാഗ്രതാസമിതികൾ എന്ന പേരിൽ.

## ജാഗ്രതാസമിതി - ചരിത്രം ഒറ്റനോട്ടത്തിൽ

കേരളത്തിൽ 1996ൽ വനിതാകമ്മിഷൻ നിലവിൽ വന്നു. ഒരു വർഷം കൊണ്ടുതന്നെ വനിതാകമ്മിഷന് താങ്ങാൻ കഴിയുന്നത്തിനേക്കാൾ പരാതികൾ വന്നു. അന്നാണ് വനിതാകമ്മിഷൻ മുൻകൈയെടുത്ത് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജാഗ്രതാസമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചത്. അന്ന് കുറേ പഞ്ചായത്തുകളിൽ രൂപീകരിച്ചെങ്കിലും അവ നിലനിന്നില്ല. തുടർന്ന് 2004ൽ കുറേക്കൂടി വിപുലമായ ഒരു ഉത്തരവ് വരുകയും 2008ൽ അതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഗൈഡ്‌ലൈനിന് രൂപം നൽകുകയുംചെയ്തു. ഈ ഗൈഡ്‌ലൈനിന്റെ അടിസ്ഥാനത്തിൽ വനിതാകമ്മിഷന്റെ നേതൃത്വത്തിൽ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. അന്ന് കേരളത്തിൽ 832 പഞ്ചായത്തുകൾ ജാഗ്രതാസമിതിക്ക് രൂപംനൽകുകയും ചെയ്തു.

## എന്താണ് ജാഗ്രതാസമിതി?

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ

തടയുക, പരാതികൾക്ക് പരിഹാരം കാണുക/കാണാൻ സഹായിക്കുക, ഇത്തരത്തിലുള്ള അതിക്രമങ്ങൾ ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കുക, എല്ലാ സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളിലും ആന്റി സെക്ഷ്വൽ ഹരാസ്മെന്റ് സെല്ലിന് രൂപം നൽകുക, അവയുടെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുക, പ്രശ്നപരിഹാരത്തിന് നിലവിലുള്ള സംവിധാനങ്ങളെ ഉപയോഗിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ രൂപീകരിക്കുന്ന ഔദ്യോഗിക സംവിധാനമാണ് ജാഗ്രതാസമിതി. ഇതിന് വാർഡ് തലങ്ങളിലും കമ്മിറ്റികൾ ഉണ്ടായിരിക്കും. ഇവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കാൻ, ഇവർക്ക് കഴിയാത്ത പരാതികൾ ഏറ്റെടുക്കാൻ, പരിശീലനങ്ങൾ സംഘടിപ്പിക്കാൻ, പ്രവർത്തന മോണിട്ടറിംഗ് നടത്താൻ, ഷോർട്ട് സ്റ്റേ ഹോമുകൾ പോലുള്ളവ നടത്താൻ തുടങ്ങിയവയ്ക്കായി ജില്ലാ ജാഗ്രതാസമിതിയുമുണ്ട്. ഇപ്പോൾ അത് ജില്ലാ നിർഭയ കമ്മിറ്റി എന്നാണ് അറിയപ്പെടുന്നത്.

### ജാഗ്രതാസമിതിയുടെ ഘടന

ഓരോ തലത്തിലും വ്യത്യസ്ത രീതിയിലാണ് ഇതിന്റെ ഘടന വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ തലത്തിനും അതിന്റേതായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ ഉതകുന്ന തരത്തിലാണ് സംഘടനാ സംവിധാനം. കൂടാതെ ഇവയുടെ സേവനം ഓരോ വ്യക്തിയുടെയും/കുടംബത്തിന്റെയും അടുത്ത് എത്തുന്ന തരത്തിലാണ് ഇതിന്റെ ഘടനയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

### ഗ്രാമപഞ്ചായത്ത് തലം

ഗ്രാമപഞ്ചായത്തിൽ രണ്ട് തട്ടുകളുണ്ട്.. ഒന്ന് പഞ്ചായത്ത് തലവും, രണ്ട് വാർഡ് തലവും.

**പഞ്ചായത്ത് തലം**

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| കൺവീനർ | - | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അംഗങ്ങൾ | - | ഒരു വനിതാ വക്കീൽ |
| | - | എസ്.സി./എസ്.ടി. സാമൂഹ്യപ്രവർത്തക/ ആ വിഭാഗത്തിലെ ഒരു വനിതാ ജനപ്രതിനിധി |
| | - | പി.എച്ച്.സി.യിലെ ഡോക്ടർ |
| | - | സ്ഥലത്തെ സി.ഐ./എസ്.ഐ. ഓഫ് പോലീസ് |
| | - | ഒരു വനിതാ ജനപ്രതിനിധി |
| | - | സി.ഡി.എസ്. ചെയർപേഴ്സൺ |
| | - | വാർഡ്തല ജാഗ്രതാസമിതി കൺവീനർമാരിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ. |

ഇതു കൂടാതെ ഇതിന്റെ പ്രവർത്തനങ്ങളെ സഹായിക്കാനായി വക്കീലന്മാരെ ചേർത്ത് ലീഗൽ സെല്ലിനും, വിവിധ രാഷ്ട്രീയപാർട്ടികൾ, നിർവഹണ ഉദ്യോഗസ്ഥർ, പൗരപ്രമുഖർ എന്നിവരെ ചേർത്ത് സഹായകസമിതിക്കും രൂപംനൽകിയിട്ടുണ്ട്.

**വാർഡ് തലം**

- വാർഡ് മെമ്പർ
- അങ്കൺവാടി വർക്കർമാർ
- എ.ഡി.എസ്. (കുടുംബശ്രീയുടെ) ഭാരവാഹികളായ 7 പേർ
- എല്ലാ രാഷ്ട്രീയ പാർട്ടിയുൽ നിന്നും ഓരോ പ്രതിനിധികൾ
- വിരമിച്ച അദ്ധ്യാപകർ, ഡോക്ടർമാർ എന്നിവർ
- വക്കീലന്മാർ
- ആ വാർഡിലെ സ്ഥാപന മേധാവികൾ
- സന്നദ്ധ സംഘടനാ പ്രതിനിധികൾ

എന്നിങ്ങനെ 40 ഓളം പേരടങ്ങുന്ന ജനറൽ ബോഡിയും അതിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 9 പേരടങ്ങുന്ന കമ്മിറ്റിയുമാണ് ഉണ്ടായിരിക്കുക. ഈ 9 പേരുള്ള കമ്മിറ്റിയാണ് വാർഡ്തല ജാഗ്രതാസമിതിയായി പ്രവർത്തിക്കുന്നത്. പരാതികൾ ഏറ്റെടുത്ത് പരിഹരിക്കുക എന്നതിനേക്കാൾ ഉപരി, പരാതി സ്വീകരിച്ച് പഞ്ചായത്ത് തലത്തിൽ എത്തിക്കുക, പ്രശ്നങ്ങൾ ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കുക, പ്രശ്നങ്ങൾക്ക് എതിരെ സദാ വിജിലന്റായി ഇരിക്കുക തുടങ്ങിയവയാണ് വാർഡ്തല സമിതിയുടെ ഉത്തരവാദിത്വങ്ങൾ.

ഏകദേശം ഇതിന് സമാനമാണ് മുനിസിപ്പാലിറ്റികളിൽ ഉള്ളത്. മുനിസിപ്പൽ കോർപ്പറേഷനിൽ വരുമ്പോൾ അംഗങ്ങളുടെ എണ്ണം 11 ആകും. വാർഡുകളെ ക്രോഡീകരിക്കാൻ ക്ലസ്റ്റർ സംവിധാനങ്ങളും ഉണ്ടായിരിക്കും.

**എന്താണ് ജാഗ്രതാസമിതിയുടെ പ്രത്യേകത?**

- വളരെവർഷങ്ങളായി പരിഹരിക്കാൻ കഴിയാതെ കിടന്ന പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കപ്പെടുന്നു.
- കക്ഷികൾക്ക് യാതൊരു സാമ്പത്തിക ചെലവും ഇല്ല.
- വേഗത്തിൽ പരിഹാരം ലഭിക്കുന്നു.
- മുകൾത്തട്ടിലേക്ക് റഫർ ചെയ്യുന്ന പരാതികളിൽ സ്ത്രീക്ക് വേണ്ടി കൃത്യമായ ഫോളോഅപ്പ്.
- നിയമ സഹായം ലഭിക്കുന്നു.
- പ്രശ്നങ്ങൾ പരസ്പരം ബോദ്ധ്യപ്പെടുത്തി പരിഹരിക്കാൻ കഴിയുന്നു.
- പരിഹരിക്കപ്പെട്ടതിന് ശേഷമുള്ള ഫോളോഅപ്പ്/മോണിറ്ററിംഗ്.
- സൗഹൃദ അന്തരീക്ഷം.
- പ്രാദേശിക സംവിധാനമായതിനാൽ ഒത്തുതീർത്ത കാര്യങ്ങൾ കൃത്യമായി

ചെയ്യാൻ നിർബന്ധിതരാകുന്നു.

- പരാതിപ്പെടാൻ തൊട്ടടുത്ത് ഇടമുണ്ട് എന്ന ആത്മവിശ്വാസം.
- സ്ത്രീകളോടും കുട്ടികളോടും അപമര്യാദയായി പെരുമാറിയാൽ ചോദിക്കാൻ സംവിധാനമുണ്ട് എന്ന ഫീൽ.

ഇത്തരത്തിൽ ധാരാളം പ്രത്യേകതകൾ ഇവയുട്രെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയപ്പെട്ടതാണ്.

**ജാഗ്രതാസമിതിയുടെ നിലവിലെ അവസ്ഥ**

കേരളത്തിൽ 832 ഗ്രാമപഞ്ചായത്തുകൾ, 17 മുനിസിപ്പാലിറ്റികൾ, 4 മുനിസിപ്പൽ കോർപ്പറേഷനുകൾ, 7 ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജാഗ്രതാസമിതി രൂപീകരിച്ചിരുന്നു. എന്നാൽ ഇന്ന് കേരളത്തിൽ 200 ന് താഴെ പഞ്ചായത്തുകളിൽ മാത്രമേ ജാഗ്രതാസമിതി കാര്യമായി പ്രവർത്തിക്കുന്നുള്ളു. ഒരു കോർപ്പറേഷനിലും അഞ്ചിന് താഴെ മുനിസിപ്പാലിറ്റികളിലും മാത്രമേ ജാഗ്രതാസമിതി കാര്യമായി പ്രവർത്തിക്കുന്നുള്ളു. പ്രവർത്തിക്കന്നു എന്ന് പറയുന്നവതന്നെ ഒരു വർഷത്തിൽ ശരാശരി 50 കേസ്സുകളിൽ പോലും ഇടപെടാത്തവയാണ്. എന്താണ് ഇതിന്റെ കാരണങ്ങൾ എന്ന് നോക്കാം.

1. കൃത്യമായി പരിശീലനവും തുടർ പരിശീലനങ്ങളും ജാഗ്രതാസമിതികൾക്ക് നൽകന്നില്ല.
2. കൃത്യമായ മോണിറ്ററിംഗ് സംവിധാനമില്ല.
3. കൃത്യമായ പിന്തുണാസംവിധാനത്തിന്റെ അഭാവം
4. കൗൺസലിംഗ് വൈദഗ്ദ്ധ്യമുള്ളവരെ പരിശീലിപ്പിച്ച് ജാഗ്രതാസമിതിക്ക് ലഭ്യമാക്കാൻ കഴിയാത്തത്.
5. ചില സ്ഥലത്തെങ്കിലും പോലീസിന്റെ നിസ്സഹകരണം
6. മനശ്ശാസ്ത്രപരമായി പ്രശ്നങ്ങളെ സമീപിക്കാൻ ജാഗ്രതാസമിതികളെ പ്രാപ്തമാക്കാൻ ഉതകുന്ന തരത്തിലുള്ള പരിശീലനങ്ങളുടെ കുറവ്
7. സ്ത്രീകളുടെ പ്രശ്നം എന്ന നിലയിലുള്ള മനോഭാവത്തിന്റെ പ്രശ്നം.
8. ജൻഡർ ഇഷ്യൂസിനെ സംബന്ധിച്ച് ബോധ്യമില്ലായ്മ.
9. കൃത്യമായ മാനേജ്മെന്റ് സംവിധാനത്തിന്റെ അഭാവം,
10. സിറ്റിസൺ എഡ്യൂക്കേഷന്റെ അഭാവം.
11. ഇതിന് സഹായകമായ മറ്റ് സംവിധാനങ്ങളെക്കുറിച്ചും, അവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഉള്ള അറിവില്ലായ്മ.
12. കൃത്യമായ മോണിറ്ററിങ്ങിന്റെ അഭാവം.
13. സമഗ്രസമീപനത്തിന്റെ കുറവ്.

ഇത്തരത്തിൽ നീളുന്നു പ്രശ്നങ്ങൾ. ഇവയ്ക്ക് ഏറെക്കുറെ പരിഹാരം കാണാൻ കഴിഞ്ഞാൽ കേരളത്തിൽ ജാഗ്രതാസമിതികളുടെ പ്രവർത്തനം ശക്തമാക്കാനും, അതുവഴി സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള

അതിക്രമം ഗണ്യമായി കുറയ്ക്കാനും കഴിയും. ഇത് സാധ്യമാക്കുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് ഈ പദ്ധതിക്ക് കേരള ഗ്രമപഞ്ചായത്ത് അസോസിയേഷൻ വിഭാവനം ചെയ്തത്.

**ഉദ്ദേശ്യലക്ഷ്യം**

- കേരളത്തിലെ 978 ഗ്രാമപഞ്ചായത്തുകളിലും അവയുടെ വാർഡുകളിലും ജാഗ്രതാസമിതികൾക്ക് രൂപംനൽകുക/പുനഃസംഘടിപ്പിക്കുക
- എല്ലാ ജാഗ്രതാസമിതികൾക്കും ജാഗ്രതാസമിതി പ്രവർത്തനത്തെക്കുറിച്ച് പരിശീലനം നൽകുക.
- ബ്ലോക്ക് തലത്തിൽ കൗൺസിലേഴ്സ് ഗ്രൂപ്പിന് രൂപംനൽകുകയും പരിശീലനം നൽകുകയും ചെയ്യുക.
- വിവിധ പരിശീലനങ്ങൾക്കുള്ള മൊഡ്യൂളുകൾ തയ്യാറാക്കുക.
- ജാഗ്രതാസമിതി മാർഗരേഖ വീണ്ടും പ്രിന്റ് ചെയ്യുക.
- ഒരു പൊതു മോണിറ്ററിംഗ് സംവിധാനത്തിന് രൂപംനൽകുക, അതിനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കുക.
- വിവിധ വകുപ്പുകളുടെ ഏകോപനവും ചർച്ചകളും പരിശീലനങ്ങളും സംഘടിപ്പിക്കുക.
- തുടർച്ചയായി മൂന്നുവർഷം പിന്തുണയും ഫോളോഅപ്പും നൽകുക.
- മറ്റ് വിഷയങ്ങളിലെ ബോധനപ്രവർത്തനങ്ങൾ, ശേഷിവർദ്ധനവ് എന്നിവ ജാഗ്രതാസമിതികൾക്ക് നൽകുക.
- ഒരു ഇ-പത്രം ആരംഭിക്കുക.

**പ്രവർത്തനങ്ങൾ**

- ഈ പ്രോജക്ടിന്റെ മൊത്തം പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാനതലത്തിൽ ഒരു ഉപദേശകസമിതിക്കും ഒരു സെല്ലിനും രൂപംനൽകും.
- വിവിധ പരിശീലന മൊഡ്യൂളിന് രൂപംനൽകും.
- സംസ്ഥാന, ജില്ലാ ഫാക്കൽറ്റി ടീമിന് രൂപംനൽകും. അവർക്ക് പരിശീലക പരിശീലനം നൽകും.
- ജാഗ്രതാസമിതി മാർഗരേഖ റിലീസ് ചെയ്യും.
- എല്ലാ പഞ്ചായത്തുകളിലെയും ജാഗ്രതാസമിതികളുടെ നിലവിലെ സ്ഥിതിവിവരം ശേഖരിക്കും.
- രൂപീകരണം/പുനഃസംഘാടനവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലയിലും ജനപ്രതിനിധികളുടെ അരദിവസത്തെ മീറ്റിംഗ്.
- എല്ലാ പഞ്ചായത്തുകളിലും വാർഡുകളിലും ജാഗ്രതാസമിതി രൂപീകരണവും പുനഃസംഘാടനവും
- ജാഗ്രതാസമിതികൾക്ക് പരിശീലനങ്ങൾ.

- എല്ലാ ബ്ലോക്കിലും കൗൺസിലേഴ്സിന്റെ ടീമിന് രൂപംനൽകുകയും അവർക്ക് പരിശീലനം സംഘടിപ്പിക്കുകയും ചെയ്യും.
- ഒരു മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിന് രൂപംനൽകുകയും, അതു സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്യും.
- സൈക്കോളജി, സൈക്ക്യാട്രി, കൗൺസിലിംഗ്, സ്ത്രീകളും നിയമവും, വിവിധ സംവിധാനങ്ങൾ അവയുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കും.
- വിവിധ വകുപ്പുകളിലെ മേധാവികളുമായി ചർച്ച. അവരുടെ മോണിറ്ററിംഗ്, ഇവാല്യുവേഷൻ, റിപ്പോർട്ടിംഗ് എന്നിവയിൽ ജാഗ്രതാസമിതി അജണ്ടയാക്കൽ, മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ അവർക്കും ഉപയോഗിക്കാൻ പരിശീലിപ്പിക്കൽ.
- ഒരു ഇ-പത്രത്തിന് രൂപംനൽകൽ.
- എല്ലാ സ്കൂളുകളിലും ജൻഡർ ഡെസ്കിന് രൂപംനൽകുകയും, അവർക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.
- എല്ലാ വർഷവും അനുഭവം പങ്കുവയ്ക്കൽ ശിൽപശാലകൾ സംഘടിപ്പിക്കും.
- സെല്ലിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംശയനിവാരണ സംവിധാനങ്ങൾ രൂപീകരിക്കും. കൂടാതെ ഇതിന്റെ സഹായത്തോടെ പഞ്ചായത്തുകൾ ആവശ്യപ്പെടുന്നതനുസരിച്ച് യഥാസമയം സപ്പോർട്ട് നൽകാൻ സംവിധാനമുണ്ടാക്കും.
- നന്നായി പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ പോയിക്കാണാനും പഠിക്കാനും മറ്റ് പഞ്ചായത്തുകൾക്ക് സംവിധാനമുണ്ടാക്കും.
- എല്ലാ പഞ്ചായത്തിലും ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ ക്രൈം മാപ്പിങ്ങും, ഇഷ്യു മാപ്പിങ്ങും നടത്തും.
- എല്ലാ പഞ്ചായത്തിലും ജില്ലാ ലീഗൽ അഥോറിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് ലീഗൽ അഥോറിറ്റിക്ക് രൂപംനൽകും.

**സംഘാടനം**

ഈ പ്രവർത്തനം സംസ്ഥാനതലത്തിൽ തുടങ്ങി പഞ്ചായത്തിന്റെ വാർഡ് തലം വരെ നടക്കുന്ന വിപുലമായ പ്രവർത്തനം ആയതിനാൽ സംസ്ഥാന തലത്തിൽ ഒരു ഉപദേശകസമിതിക്കും, പ്രവർത്തനങ്ങൾക്ക് മൊത്തം ചുക്കാൻ പിടിക്കാനായി ഒരു സെല്ലിനും രൂപംനൽകും.

**ഉപദേശകസമിതി**

ഇതിന്റെ മൊത്തം പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗനിർദ്ദേശം നൽകുക, നടന്ന പ്രവർത്തനങ്ങളെ വിലയിരുത്തുക, തുടർപ്രവർത്തനങ്ങളുടെ ആസൂത്രണത്തിന് വേണ്ട ദിശാബോധം ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങളോടെ

സംസ്ഥാനതലത്തിൽ രൂപീകരിക്കുന്ന ഒരു സമിതിയാണിത്. നാലുമാസത്തിൽ ഒരിക്കൽ എന്ന കണക്കിന് വർഷത്തിൽ മൂന്നുപ്രാവശ്യം ഈ സമിതി ചേരും. ഇതിൽ ചുവടെ കൊടുത്തിട്ടുള്ളവർ അംഗങ്ങളായിരിക്കും.

1. ബഹു. പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് മന്ത്രി
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
4. വനിതാകമ്മിഷൻ ചെയർപേഴ്സൺ
5. വനിത, ശിശു ചുമതലയുള്ള പോലീസ് മേധാവി
6. പഞ്ചായത്ത് ഡയറക്ടർ
7. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, സെക്രട്ടറി
8. ബ്ലോക്ക് അസോസിയേഷൻ സെക്രട്ടറി
9. നിർഭയ ജൻഡർ കൺസൾട്ടന്റ്

## സെല്ല്

ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ ഒരു സെല്ലിന് രൂപംനൽകും. സെല്ല് നാലുമാസത്തേക്ക് വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ, കഴിഞ്ഞ നാലുമാസം ചെയ്ത പ്രവർത്തനങ്ങൾ എന്നിവ ഉപദേശകസമിതിയിൽ അവതരിപ്പിച്ച് ചർച്ചചെയ്യപ്പെടണം. ഇതിന്റെ നടത്തിപ്പ്, അക്കാദമികകാര്യങ്ങളുടെ നേതൃത്വം എന്നിവ ഈ സെല്ലിനായിരിക്കും. സെല്ലിൽ ചുവടെ ചേർത്തിട്ടുള്ളവർ ഉണ്ടാവും.

1. ഗ്രാമപഞ്ചായത്ത് അസോസിയേഷനിൽ നിന്നും ഒരു ജോയിന്റ് സെക്രട്ടറി, ഒരു വൈസ് പ്രസിഡന്റ്, ചീഫ് എക്സിക്യൂട്ടീവ് കോർഡിനേറ്റർ
2. സഖി വിമൻസ് റിസർച്ച് സെന്ററിൽ നിന്നും രണ്ടുപേർ.
3. കേരള മഹിളസമഖ്യ സൊസൈറ്റിയിൽ നിന്നും ഒരാൾ
4. രണ്ട് അഡ്വക്കേറ്റ്സ്- ഒരാൾ വനിത
5. കൗൺസിൽ വൈദഗ്ദ്ധ്യമുള്ള ഒരാൾ
6. പോലീസ് വകുപ്പിൽ നിന്നും ഒരാൾ
7. ഒരു സൈക്കോളജിസ്റ്റ്
8. ഒരു മാനേജ്മെന്റ് വിദഗ്ദ്ധൻ
9. ഒരു ഐ.ടി. എക്സ്പേർട്ട്
10. മൂന്ന് ജൻഡർ എക്സ്പേർട്ടുകൾ
11. വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് രണ്ട് എക്സ്പേർട്ടുകൾ

ഈ രണ്ട് കമ്മിറ്റികളും കോൺസ്റ്റിറ്റ്യൂട്ട് ചെയ്തശേഷം ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഇതിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സെല്ലിലെ അംഗങ്ങളുടെ നേതൃത്വത്തിൽ ആവശ്യമായ വിദഗ്ദ്ധരെ കൂട്ടിച്ചേർത്ത് സബ്കമ്മിറ്റികൾക്ക് രൂപംനൽകും.

**പരിശീലനങ്ങൾ**

ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ അനിവാര്യമാണ്. ഇതിനായി ചുവടെ കൊടുത്തിട്ടുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കും.

1. സംസ്ഥാനതലത്തിൽ പരിശീലന മൊഡ്യൂൾ പ്രിപ്പറേഷൻ ശിൽപശാല:- ഒന്നാം ഘട്ടമായി രണ്ട് ദിവസവും രണ്ടാം ഘട്ടമായി മൂന്ന് ദിവസവും നടത്തി മൊഡ്യൂളുകൾക്ക് അന്തിമരൂപം നൽകും.
2. ജാഗ്രതാസമിതി സംഘാടനം, മാനേജ്മെന്റ്, കേസ് കൈകാര്യംചെയ്യൽ, കേസ് അന്വേഷണം/വിവരശേഖരണം